രൂപം കൊടുക്കുന്ന അവസരമായതുകൊണ്ട് അത് പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാം. എന്നാൽ ഇപ്പോഴുള്ള കുഴൽക്കിണറുകളിൽ നിന്നും പമ്പിംഗ് ശരിക്ക് ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. വരൾച്ചയുണ്ടെന്നുള്ള സാഹചര്യത്തിൽ വെള്ളത്തിന്റെ കുറവുണ്ടെന്നുള്ളതു സത്യമാണ്. അത് പരിഹരിക്കണമെങ്കിൽ കുറച്ച് മഴപെയ്യുന്നതുവരെ കാത്തിരിക്കണം. കഴിയുന്നതും ഇന്നുള്ള ബുദ്ധിമുട്ടുകൾ പരിഹരിച്ചുകൊണ്ടുപോകാൻ ശ്രമിക്കാം പക്ഷേ വെള്ളത്തിന്റെ ക്ഷാമം താല്ക്കാലികമായി ഉണ്ടാകും.

(14) തെങ്ങിനുണ്ടാകുന്ന കാറ്റുവീഴ്ച രോഗം തടയുന്നതിന് മരുന്നുതളി പുനരാരംഭിക്കണമെന്ന ആവശ്യം

ശ്രീ. രാഘവൻ പൊഴക്കടവിൽ : സർ, നാളികേരത്തിനുണ്ടായ വിലയിടിവ് കേരകർഷകരെ സാമ്പത്തികമായി തകർത്തുകൊണ്ടിരിക്കുമ്പോൾ മറുവശത്ത് തെങ്ങുകൃഷിക്ക് ദൈനംദിനമെന്നോണം പടർന്നുപിടിക്കുന്ന മാരകമായ കാറ്റുവീഴ്ചയും വേരുചീയലും മൂലം കേരകർഷകർ "കൂനിൻ മേൽക്കുരു എന്നവണ്ണം" കഴിയുകയാണ്. കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ, തൃശ്ശൂർ, മുകുന്ദപുരം, താലൂക്കുകളുടെ ഇരുപാർശ്വങ്ങളിലും പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന രോഗം ഇപ്പോൾ തൃശ്ശൂർ ജില്ലയിലെ ചാവക്കാട് തലപ്പള്ളി, തുടങ്ങിയ താലൂക്കുകളിൽകൂടി വ്യാപിച്ചിരിക്കുന്നു. ഈ കാറ്റുവീഴ്ച ഇങ്ങനെ തുടർന്നുപോയാൽ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് തുടങ്ങിയ ജില്ലകളിൽക്കൂടി പടർന്നുപിടിച്ച് തെങ്ങുകൃഷി നാമാവശേഷമായിത്തീരും. കേരത്തിന്റെ നാടായതിനാലാണല്ലോ കേരളമെന്ന പേരുണ്ടായത്. ഇപ്പോൾ തെങ്ങുകൃഷി വികസിച്ച് വരുന്ന കർണ്ണാടകത്തിന് കേരളമെന്ന് നാമകരണം ചെയ്യേണ്ടിവരുമോ എന്ന് സംശയിക്കുന്നു. തെങ്ങുകൃഷിക്ക് ഉണ്ടാകുന്ന ഈ മാരകമായ രോഗങ്ങൾക്ക് ശാസ്ത്രീയമായ ഗവേഷണമൊന്നും ഫലപ്രദമായിട്ടില്ല. കേടുവന്ന തെങ്ങിനെ വെട്ടിമാറ്റി, പകരം തൈവയ്ക്കുക എന്നതാണ് ഇപ്പോഴത്തെ നടപടി. മുറിച്ചുകളയുന്ന തെങ്ങൊന്നിന് 75 രൂ. യും ഒരു തൈയും നൽകുന്നു. മുൻകാലങ്ങളിൽ തെങ്ങുകൾക്ക് രോഗം വരാതിരിക്കാൻ മരുന്നുതളി ഉണ്ടായിരുന്നു. പഞ്ചായത്തുകളുടെ നിസഹരണംമൂലം ആ പദ്ധതി നിർത്തലാക്കി. തെങ്ങുകൾക്ക് മരുന്നുതളി നടത്തുക ഓരോ കൃഷിക്കാരനും എളുപ്പമല്ല. കൂട്ടായിട്ടുള്ള മരുന്നുതളിമാത്രമേ സാദ്ധ്യമാവുകയുള്ളു. അതിനാൽ, ഈ മാരകമായ രോഗത്തിൽനിന്നും വിമുക്തി നേടുന്നതിന് കൃഷിക്കാരെ രക്ഷിക്കാൻ കൃഷിഡിപ്പാർട്ടുമെന്റ് നേരിട്ട് സമഗ്രമായ മരുന്നുതളി നടത്തുന്നതിനുള്ള പദ്ധതി സഭാസമക്ഷം നൽകിക്കൊണ്ട് നടത്തണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) : സർ, കേരളത്തിലെ തെങ്ങുകൾക്ക് കാറ്റുവീഴ്ചരോഗം ബാധിച്ചിട്ട് 100 വർഷത്തിലധികമായി. രോഗകാരണങ്ങൾ കണ്ടുപിടിക്കുന്നതിനും പ്രതിവിധി ആരായുന്നതിനും വേണ്ടി നിരന്തരമായ ഗവേഷണം നടന്നുവരികയാണ്. കായംകുളത്തുള്ള സി. പി. സി. ആർ. ഐ. നടത്തിയ ഗവേഷണങ്ങളുടെ നിഗമനം, മൈക്രോപ്ലാസ്മാ (Micro plasma) പോലുള്ള ഒരു രോഗമാണ് അതിന്റെ കാരണമെന്നാണ്. എങ്കിലും പ്രായോഗികമായ പരിഹാരമാർഗ്ഗം ഇനിയും കണ്ടുപിടിക്കേണ്ടതായിട്ടുണ്ട്. അതിനാൽ രോഗം കൂടുൽ സ്ഥലത്തേയ്ക്കു വ്യാപിക്കാതിരിക്കാനും തെങ്ങുകൾക്ക് ഉൽപാദനശേഷി വർദ്ധിപ്പിക്കാനും

LIBRARY ARCHIVES Kerala Legislative Assembly

വേണ്ട നടപടികളാണ് സർക്കാർ എടുത്തുകൊണ്ടിരിക്കുന്നത്. രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിനും പകരം നല്ലയിനം തെങ്ങിൻതൈകൾ വച്ചു പിടിപ്പിക്കുന്നതിനുമുള്ള സഹായവും നൽകിവരുന്നു. കൂടാതെ പമ്പു സെറ്റുകൾ സ്ഥാപിച്ച് ജലസേചനം നടത്തിയും ശാസ്ത്രീയമായി വളപ്രയോഗം നടത്തിയും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവുള്ള നടപടികളും എടുത്തുവരികയാണ്.

(15) സാലി വധക്കേസ് പോലീസന്വേഷണത്തിൻമേലുള്ള കമ്മിഷൻ റിപ്പോർട്ട്

[ശ്രീ. കാനം രാജേന്ദ്രൻ: സർ, കോട്ടയം ജില്ലയിൽപ്പെട്ട കാഞ്ഞിരംപാറ ഓലിക്കൽ സാലി വധക്കേസിനെ സംബന്ധിച്ചിടത്തോളം പോലീസ് അന്വേഷണത്തിന്റെ അപാകതകളും പരിശോധിക്കുന്നതിനുവേണ്ടി, ഒരു കമ്മീഷനെ നിയോഗിച്ചിരുന്നു. ആ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ട് ഒരുവർഷത്തിലധികമായി. ഈ സഭയിൽത്തന്നെ രണ്ട് സബ്മിഷനുകളിൽക്കൂടി, ഇതിനു മുൻപും ഞാൻ ആ വിഷയമുന്നയിച്ചിരുന്നു. ആ കമ്മീഷന്റെ റിപ്പോർട്ടിൽ പ്രാഥമികാന്വേഷണത്തിൽ പോലീസ് കുറ്റകരമായ അനാസ്ഥ കാണിച്ചിട്ടുണ്ടെന്ന്. എഴുതിയിട്ടുള്ളതായിട്ടാണ് മനസിലാക്കാൻ കഴിഞ്ഞത്. കുറ്റവാളികളെ രക്ഷിക്കുന്നതിനുവേണ്ടി, കഴിഞ്ഞ ഒന്നരവർഷക്കാലമായിട്ടും അതിൻമേൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അതിന് അടിയന്തിരമായി ഗവൺമെന്റ് ഈ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): സർ, ആ കമ്മീഷന്റെ റിപ്പോർട്ട് ഗവൺമെന്റ് പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ചില തീരുമാനങ്ങൾ എടുക്കുന്നതിന് മുൻപായി നിയമപരമായ ഉപദേശംതേടി, ആദ്യത്തെ റിപ്പോർട്ട് കോടതിയിൽ കൊടുത്തതിനുശേഷം മാത്രമേ ഗവൺമെന്റ് തീരുമാനം പ്രഖ്യാപിക്കാൻ പാടുള്ളുവെന്ന് പറഞ്ഞുകൊണ്ടുള്ള താമസമാണ്. ഒരാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് കൊടുക്കാനും തീരുമാനം പ്രഖ്യാപിക്കണമെന്നുമാണ് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുള്ളത്.

(16) കോഴിക്കോട് ജില്ലയിൽ വില്ലേജ് ഹൗസിംഗ് പ്രോജക്ട് പ്രകാരം നൽകിയ ലോൺ ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിന് സാവകാശം നൽകൽ

ശ്രീ. കെ. പി. രാമൻ: സർ, 1964-ൽ കോഴിക്കോടു ജില്ലയിലെ പല പഞ്ചായത്തുകളിലും ധാരാളംപേർക്ക് വില്ലേജ് ഹൗസിംഗ് പ്രോജക്ട് പ്രകാരം ലോൺ അനുവദിക്കുകയുണ്ടായി. എന്റെ നിയോജകമണ്ഡലത്തിലെ കുന്നമംഗലം, ചാത്തമംഗലം, മാവൂർ എന്നീ പഞ്ചായത്തുകളിലുള്ളവരാണ് ഈ ലോൺ വാങ്ങിയത്. 2,000, 3,000, 4,000 രൂപ വീതമാണ് ഓരോരുത്തർക്കും അനുവദിച്ചത്. കളക്ടർ അനുവദിച്ചഫണ്ട് ബ്ലോക്ക് മുഖേനയാണ് വിതരണം ചെയ്തത്. ഈ സ്കീം ലോക ബാങ്കിന്റെ (World Bank) സഹായത്തോടുകൂടിയായിരുന്നു. ഇതിന് ഈടാക്കുന്ന പലിശ പഞ്ചായത്തുകളുടെ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കണമെന്നായിരുന്നു. ഉദ്ദേശിച്ചിരുന്നതെങ്കിലും അത് സാധിച്ചില്ല. എന്നാൽ പലർക്കും വാങ്ങിയസംഖ്യ തിരിച്ചടയ്ക്കാൻ ഇതുവരെ സാധിച്ചിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly